**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2042** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>പി.എസ്.സി. ചെയർമാന് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളുടെ വിശദാംശം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റോജി എം. ജോൺ

ശ്രീ. റോജി എം. ജോൺ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** നിലവിലെ പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാന് നാളിതുവരെ ശമ്പളവും മറ്റ് അലവൻസുകളും യാത്രാബത്തകളും ഉൾപ്പെടെ അനുവദിച്ചിട്ടുള്ള മുഴുവൻ സാമ്പത്തിക ആനുകൂല്യങ്ങളുടെയും മാസം തോറുമുള്ള വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** നിലവിലെ ബഹു. ചെയർമാൻ ചുമതലയേറ്റ 31/10/2022 മുതൽ 31/12/2024 വരെ Basic pay Rs. 76450/- ഉം, 01/01/2025 മുതൽ ശമ്പളം പരിഷ്കരിച്ചിരുന്നതിനെ തുടർന്ന് Basic Pay Rs. 224100/- ഉം ആണ് അനുവദിച്ചിട്ടുള്ളത്. ശമ്പളത്തോടൊപ്പം DA, HRA എന്നീ Allowance-കളാണ് അനുവദിക്കുന്നത്. **ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:**

DA - 203% (with effect from 31/10/2022 to 31/12/2022)

DA - 221% (with effect from 01/01/2023 to 30/06/2023)

DA - 230% (with effect from 01/07/2023 to 31/12/2023)

DA - 239% (with effect from 01/01/2024 to 30/06/2024)

DA - 246% (with effect from 01/07/2024 to 31/12/2024)

**01/01/2025 മുതൽ ശമ്പളം പരിഷ്കരിച്ചിരുന്നു. Revised Scale-ലെ DA ചുവടെ ചേർക്കുന്നു:**

DA - 55% (with effect from 01/01/2025 to 30/06/2025)

DA - 58% (with effect from 01/07/2025 to till date)

HRA Rs. 10000/- (with effect from 31/10/2022 to till date)

Conveyance Allowance അനുവദിക്കുന്നില്ല.

**(ബി)** നിലവിലെ ചെയർമാന് ഔദ്യോഗിക വസതി അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ മെയിന്റനൻസുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഔദ്യോഗിക വസതി അനുവദിച്ചിട്ടില്ലെങ്കിൽ അദ്ദേഹത്തിന് എച്ച്. ആർ .എ. ഇനത്തിൽ നാളിതുവരെ അനുവദിച്ച തുകയുടെ മാസം തോറുമുള്ള വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** നിലവിലെ ചെയർമാന് ഔദ്യോഗിക വസതി അനുവദിച്ചിട്ടില്ല. HRA പ്രതിമാസം 10000/- രൂപ നിരക്കിലാണ് അനുവദിക്കുന്നത്.

**(സി)** അദ്ദേഹത്തിന് അനുവദിച്ച നൽകിയിട്ടുള്ള മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ; അദ്ദേഹത്തിന്റെ ഓഫീസിൽ ചായ സൽക്കാരം നടത്തിയ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ച വ്യക്തമാക്കുമോ;

**<u>മറുപടി:</u>** നാളിതുവരെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ആനുകൂല്യം Claim ചെയ്തിട്ടില്ല. നിലവിലെ ചെയർമാൻ അധികാരമേറ്റ ശേഷം ചായ സൽക്കാരം നടത്തിയിട്ടില്ല.

**(ഡി)** അദ്ദേഹത്തിന് അനുവദിച്ചിട്ടുള്ള ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്കിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**<u>മറുപടി:</u>** കേരള പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാന് അനുവദിച്ച ഔദ്യോഗിക വാഹനത്തിൽ നിലവിൽ ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല.

**സെക്ഷൻ ഓഫീസർ**